LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന് കർമ്മ പദ്ധതി

251 (3231) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ള കർമ്മ പദ്ധതികൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വികസിപ്പിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാരുടെ തസ്തിക ഏകീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഗ്രാമപഞ്ചായത്തുകളെ പൂർണ്ണതോതിൽ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ & ബി) 1. ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും 990 ക്ലിറിക്കൽ തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.

2. ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രോജക്ടുകൾക്ക് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനവും 5 വർഷത്തേക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളും രണ്ടു വർഷത്തേക്കുള്ള പദ്ധതികളും തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. ആരോഗ്യം, ശുചിത്വം, സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം തുടങ്ങിയ മേഖലകളിൽ വാർഡുതലത്തിൽ മുൻതൂക്കം നല്കി പ്രവൃത്തികൾ നടന്നു വരുന്നു. ആരോഗ്യ-ശുചിത്വ മേഖലയിൽ വാർഡുതല ശുചിത്വ സമിതിയും സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായി വാർഡുതല ജാഗ്രതാ സമിതികളും നിലവിൽവന്നു.

കൂടാതെ ആശാപ്രവർത്തകരുടെയും ആരോഗ്യ-ശുചിത്വ സമിതികളുടെയും ആസ്ഥാനമായി പ്രവർത്തിക്കുന്നതിന് ഓരോ ഗ്രാമപഞ്ചായത്ത് വാർഡുകളിലും ഗ്രാമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അവയ്ക്ക് പ്രതിവർഷം 50,000 രൂപ ചെലവഴിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നല്കിയിട്ടുണ്ട്.

4. ഗ്രാമസഭകളുടെ ശക്തമായ സംഘാടനത്തിനായി സേവാഗ്രാം എന്ന പേരിൽ ഗ്രാമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

5. ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർവത്കരണം പൂർത്തിയായി വരുന്നു. 978 ഗ്രാമപഞ്ചായത്തുകളിലും പുതിയ അക്രൂവൽ ബേയ്സ്ഡ് ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തി. അവ 'സാംഖ്യ' സോഫ്റ്റ്വെയറിലൂടെയാണ് പ്രവർത്തിക്കുന്നത്. പദ്ധതി രൂപീകരണം, അംഗീകാരം തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങളെല്ലാം 'സുലേഖ' സോഫ്റ്റ്വെയർ വഴി നടത്തുന്നു.

6. ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ 2011-ൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

7. വികസന ഫണ്ടിൽ മേഖലയനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കി ഗ്രാമ പഞ്ചായത്തുകൾക്ക് അവയുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്ന രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്താൻ പ്രാപ്തമാക്കിയിട്ടുണ്ട്.

8. ഭക്ഷ്യവിള വിസ്തൃതി വർദ്ധിപ്പിക്കുക, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉല്പാദനം വർദ്ധിപ്പിക്കുക എന്നിവയ്ക്ക് സാദ്ധ്യമാകുന്ന നടപടികൾ സ്വീകരിച്ച് ഉല്പാദനമേഖലയിലെ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകി പദ്ധതി ആസൂത്രണ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

9. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകി ഭരണ നിർവ്വഹണത്തിന് പ്രാപ്തരാക്കിയിട്ടുണ്ട്.

10. ഗ്രാമപഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ വനിതാ ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നു. 682 ഗ്രാമപഞ്ചായത്തുകളിൽ വാർഡുതല സമിതിയും 650 ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്തുതല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സഹായ സമിതിയും 477 ഗ്രാമ പഞ്ചായത്തുകളിൽ നിയമ സഹായ സമിതിയും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ എല്ലാ വാർഡുകളിലേക്കും വ്യാപിപ്പിക്കുന്ന പ്രവർത്തനം നടന്നുവരുന്നു.

11. ഗ്രാമപഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസ്, കമ്പ്യൂട്ടർവത്ക്കരണം തുടങ്ങിയ നടപടികളിലൂടെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ അഴിമതിരഹിതവും സുതാര്യവുമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

12. എല്ലാ ഗ്രാമപഞ്ചായത്തുകളിലും സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

13. സേവനാവകാശനിയമം നടപ്പിലാക്കിയിട്ടുണ്ട്.

14. 16 സേവനങ്ങൾ ഗ്രാമപഞ്ചായത്തുകൾ വഴിയും 7 സേവനങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസുകൾ വഴിയും 3 സേവനങ്ങൾ പഞ്ചായത്ത് ഡയറക്ടറേറ്റ് വഴിയും നല്കാനുള്ള പ്രവർത്തനം നടന്നുവരുന്നു.

(സി) ഏകീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ നിലവിലുണ്ടായിരുന്ന സെക്രട്ടറി ഗ്രാമപഞ്ചായത്ത്, സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി എന്നീ രണ്ട് തരം സെക്രട്ടറി തസ്തികകൾ ഏകീകരിക്കണമെന്ന് 9-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ പ്രകാരം മേൽപ്പറഞ്ഞ 2 തരം സെക്രട്ടറി തസ്തികകൾ ഏകീകരിക്കുകയും 18740-33680 രൂപ ശമ്പള നിരക്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്ന തസ്തിക 978 ഗ്രാമ പഞ്ചായത്തുകളിൽ നിലവിൽ വരികയും ചെയ്തു.

(ഡി) പദ്ധതി നിർവ്വഹണത്തിന് വർഷത്തിൽ 12 മാസവും ലഭിക്കത്തക്ക രീതിയിൽ പദ്ധതി അംഗീകാര നടപടികൾ വേഗത്തിലാക്കുന്നതിനും ഗ്രാമ പഞ്ചായത്തുകളെ കമ്പ്യൂട്ടർവത്ക്കരിച്ച് ഫ്രണനിലവാരമുള്ള സേവനങ്ങൾ ഉറപ്പു വരുത്തുന്നതിനും നടപടികൾ സ്വീകരിക്കും. ജനപ്രതിനിധികൾക്ക് പരിശീലനം നൽകി ഭരണനിർവ്വഹണത്തിന് പ്രാപ്തരാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ വനിതാ ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കും. കൂടാതെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം അഴിമതി രഹിതവും സുതാര്യവുമാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും ഗ്രാമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ ശക്തവും കാര്യക്ഷമവുമായ സോഷ്യൽ ആഡിറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്.